**കേരള കാർഷികസർവകലാശാല**

സംഗ്രഹം

കേരള കാർഷിക സർവകലാശാല- പൊതുഭരണം- കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നത് "കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി" എന്ന് പുനർനാമകരണം ചെയ്തും ബി ടെക് (ഫുഡ് ടെക്നോളജി) കോഴ്സിന് 4 പുതിയ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ വിഭാഗം**

നം.കെഎയുജിഎ/5556/2024-ജിഎ-ഇ1 തീയതി. വെള്ളാനിക്കര, 06-06-2024

---

പരാമർശം: 16.05.2024 തിയ്യതിയിൽ ചേർന്ന 619- മത് ഭരണ സമിതി യോഗ തീരുമാനം

**ഉത്തരവ്**

തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ ബിടെക് ഫുഡ് ടെക്നോളജി പ്രോഗ്രാമിന് ഐ.സി.എ.ആർ.- നാഷണൽ അഗ്രിക്കൾച്ചറൽ എഡ്യൂക്കേഷൻ അക്രഡിറ്റേഷൻ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി കോളേജിന്റെ പേര് കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നത് "കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി" എന്ന് പുനർനാമകരണം ചെയ്യുന്നതിനും ഐ.സി.എ.ആർ. നിർദേശിക്കുന്ന പ്രകാരം ബി ടെക് (ഫുഡ് ടെക്നോളജി) കോഴ്സിന് താഴെ പറയുന്ന 4 പുതിയ ഡിപ്പാർട്ട്മെന്റുകൾ കൂടി അധിക നോൺ പ്ലാൻ ചിലവില്ലാതെ രൂപീകരിക്കുന്നതിനും, മേൽ ഡിപ്പാർട്ട്മെന്റുകളിൽ നിലവിൽ കെ.സി.എ.ഇ.ടി. യിലുള്ള അധ്യാപക തസ്തികകൾ പുനർ വിന്യസിക്കുന്നതിനും താൽക്കാലിക അധ്യാപക നിയമനം നടത്തുന്നതിനും 16.05.2024 തിയ്യതിയിൽ ചേർന്ന 619- മത് ഭരണ സമിതി യോഗം അനുമതി നൽകിയിട്ടുണ്ട്.

1. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് പ്രോസസ് ടെക്നോളജി
2. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി
3. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്
4. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് പ്ലാന്റ് ഓപ്പറേഷൻസ്

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തവനൂർ "കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി"യുടെ പേര് "കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി" എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

2. ഐ.സി.എ.ആർ. നിർദേശിക്കുന്ന പ്രകാരം ടി കോളേജിൽ ബി ടെക് (ഫുഡ് ടെക്നോളജി) കോഴ്സിന് താഴെ പറയുന്ന 4 പുതിയ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

i. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് പ്രോസസ് ടെക്നോളജി

ii. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി

iii. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്

iv. ഡിപ്പാർട്ട്മെന്റ് ഓഫ് ഫുഡ് പ്ലാന്റ് ഓപ്പറേഷൻസ്

3. മേൽ ഡിപ്പാർട്ട്മെന്റുകളിൽ നിലവിൽ കെ.സി.എ.ഇ.ടി.യിലുള്ള അദ്ധ്യാപക തസ്തികകൾ പുനർ വിന്യസിക്കുന്നതിനും താൽക്കാലിക അദ്ധ്യാപക നിയമനം നടത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ ജി.എ./സി വിഭാഗത്തിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

4. പുതിയ ഡിപ്പാർട്ട്മെന്റ് രൂപീകരണം സംബന്ധിച്ച വിഷയം സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുവാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും സ്വീകരിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായി വെബ് സൈറ്റ്, അക്കാഡമിക് ഹാൻഡ് ബുക്ക്, ഡയറികൾ, സർവ്വകലാശാലയുമായി ബന്ധപ്പെട്ട മറ്റെല്ലാ രേഖപ്പെടുത്തലുകൾ എന്നിവയിൽ മാറ്റം വരുത്തുവാൻ ബന്ധപ്പെട്ട അധികാരികൾ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഭരണസമിതിയുടെ ഉത്തരവിൻപ്രകാരം
A Sakeer Husain
REGISTRAR

1. ഡീൻ ഓഫ് ഫാക്കൽറ്റി (അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ്), കെ.സി.എ.ഇ.ടി, തവനൂർ
2. ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, കെ.എ.യു, വെള്ളാനിക്കര
3. ഡയരക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, കെ.എ.യു, വെള്ളാനിക്കര
4. Content Manager, കെ.എ.യു, വെള്ളാനിക്കര
5. പബ്ലിക് റിലേഷൻസ് ഓഫീസർ, കെ.എ.യു, മണ്ണുത്തി
6. സെക്ഷൻ ഓഫീസർ, ജി.എ./സി
7. സെക്ഷൻ ഓഫീസർ, ജി.എ./ഇ

പകർപ്പ്
വൈസ് ചാൻസലറുടെ പി.എസ്/വൈസ് ചാൻസലറുടെ പി.എ/രജിസ്ട്രാറുടെ പി.എ/ കംപ്ട്രോളറുടെ പി.എ/സർവകലാശാലയുടെ കീഴിലുള്ള എല്ലാ ഡയറക്ടർമാർക്കും/അസ്സോസിയേറ്റ് ഡയറക്ടർമാർക്കും/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ്/ ജോയിന്റ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി കംപ്ട്രോളർമാർ/ അസിസ്റ്റന്റ് രജിസ്ട്രാർമാർ/ അസിസ്റ്റന്റ് കംപ്ട്രോളർമാർ/ റിക്രൂട്ട്മെന്റ് ഓഫീസർ / ലേബർ ഓഫീസർ /പൂൾ ഓഫീസർ/ സർവ്വകലാശാല ആസ്ഥാനത്തെ എല്ലാ സെക്ഷൻ ഓഫീസർമാർക്കും/ കരുതൽ ശേഖരം/ മിച്ചം/ announce@kau.in

ഉത്തരവിൻ പ്രകാരം
Signed by
Smitha K A
സെക്ഷൻ ഓഫീസർ
Date: 07-06-2024 11:01:04